LIBRARY ARCHIVES Kerala Legislative Assembly

പൊതുസ്ഥലങ്ങളിൽ വൈഫൈ സംവിധാനം

241 (4232) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമാനത്താവളങ്ങളും റയിൽവേ സ്റ്റേഷനുകളും ബസ് സ്റ്റാന്റുകളും ഉൾപ്പെടുയുള്ള പൊതുസ്ഥലങ്ങളിൽ വൈഫൈ സംവിധാനം ലഭ്യമാണോ;

(ബി) ഇത്തരം സംവിധാനം ഒരുക്കുന്നത് വിനോദസഞ്ചാരികൾ ഉൾപ്പെടെയുള്ളവർക്ക് ഉപകാരപ്രദമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലും പൊതുസ്ഥലങ്ങളിലും വിനോദ സഞ്ചാരകേന്ദ്രങ്ങളിലും സൗജന്യ വൈഫൈ സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വിമാനത്താവളങ്ങളും റയിൽവേ സ്റ്റേഷനുകളും ബസ് സ്റ്റാന്റുകളും ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങളിൽ സംസ്ഥാന സർക്കാർ വൈഫൈ സംവിധാനം ലഭ്യമാക്കിയിട്ടില്ല.

(ബി) ഉണ്ട്.

(സി) പൈലറ്റ് പദ്ധതി എന്ന അടിസ്ഥാനത്തിൽ മലപ്പുറം മുനിസിപ്പാലിറ്റിയിൽ വൈഫൈ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ആയത് നടപ്പിലാക്കി അതിന്റെ പ്രവർത്തനം വിലയിരുത്തിയ ശേഷം മാത്രമേ മറ്റ് സ്ഥലങ്ങളിലേക്ക് ഇത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ

242 (4233) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അക്ഷയ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളത് സംബന്ധിച്ച മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) പഞ്ചായത്തുകളിൽ ഒന്നിൽ കൂടുതൽ അക്ഷയ കേന്ദ്രങ്ങൾ നിലവിലുണ്ടോ ?